"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്തവർക്കുള്ള കടാശ്വാസം - കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പട്ടിക 50-ൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് കടാശ്വാസം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.247/2023/F&P തീയതി, തിരുവനന്തപുരം, 22-03-2023

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 17/12/2022-ലെ DFTVM/2671/2020-N3 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പട്ടിക 50-ൽ ഉൾപ്പെട്ട, സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്ത 9 ഗുണഭോക്താക്കൾക്ക് കടാശ്വാസം ശിപാർശ ചെയ്തിട്ടുള്ളതായും, ആയതിൽ ചുവടെ പട്ടികപ്പെടുത്തിയ പ്രകാരം കടാശ്വാസം അനുവദിക്കുന്നതിന് ആകെ 7,65,870/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2405-00-800-21-34 OC (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും സഹകരണ സംഘം രജിസ്ട്രാറിനു അനുവദിച്ചു നൽകണമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

| പട്ടിക | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | മുതൽ | പലിശ | ആകെ |
|---|---|---|---|---|---|
| 50 | തിരുവനന്തപുരം | 3 | 2,84,265/- | 71,067/- | 3,55,332/- |
| | ആലപ്പുഴ | 6 | 3,64,837/- | 45,701/- | 4,10,538/- |
| ആകെ | | 9 | 6,49,102/- | 1,16,768/- | 7,65,870/- |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, പരാമർശ പ്രകാരം ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള, കടാശ്വാസ കമ്മീഷന്റെ പട്ടിക 50-ൽ ഉൾപ്പെട്ട സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്ത 9 ഗുണഭോക്താക്കൾക്ക് ആകെ 7,65,870/- രൂപ (ഏഴു ലക്ഷത്തി അറുപത്തി അയ്യായിരത്തി എണ്ണൂറ്റി എഴുപതു രൂപ മാത്രം) നടപ്പ് സാമ്പത്തിക

വർഷത്തെ **2405-00-800-21-34 OC** (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും സഹകരണ സംഘം രജിസ്ട്രാറിനു അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതീഷ്.എസ്.ധരൻ
അണ്ടർ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ.
കമ്മിഷണർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( **vide UO No.2258909/2/36/2022 -Fin dated 15/03/23**
ഡയറക്ടർ, വെബ് ആൻഡ് ന്യൂ മീഡിയ, ഐ & പി.ആർ.ഡി. ( വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ